# പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന അശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ

എം.ഷാജഹാൻ
ജനറൽ സെക്രട്ടറി
കെ.എസ്.ടി.എ

വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ പേരിൽ വിദ്യാലയങ്ങളുടെ ഘടനയിൽ മാറ്റം വരുത്താനുള്ള നടപടികളുമായി യു.ഡി.എഫ് സർക്കാർ മുന്നോട്ട് പോകുകയാണ്. വിദ്യാഭ്യാസരംഗത്ത് 50 വർഷംമുൻപ് കേരളം ആർജ്ജിച്ച നേട്ടങ്ങളിലേക്ക് രാജ്യത്തെ എത്തിക്കുവാനുള്ള ശ്രമമാണ് വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ഉള്ളടക്കം. കേരളമാകട്ടെ 12-ാം തരംവരെയുള്ള വിദ്യാഭ്യാസം അവകാശമായി പ്രഖ്യാപിക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് മാറിക്കഴിഞ്ഞു. അതുകൊണ്ടാണ് വിദ്യാഭ്യാസ അവകാശനിയമം ഇവിടെ യാന്ത്രികമായി നടപ്പിലാക്കിയാൽ 'യുവാവ് കുട്ടിയുടുപ്പ് ഇടുന്നതുപോലെയായിരിക്കും' എന്ന് കെ.എസ്.ടി.എ അന്നു തന്നെ പറഞ്ഞത്. ഏറ്റവും ശക്തമായ അടിത്തറയും ബഹുജനസ്വാധീനവുമുള്ള കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്ത് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത് വളരെ ശ്രദ്ധയോടെയായിരിക്കണം. എൽ.ഡി.എഫ് സർക്കാർ നിയമിച്ച മൂന്നുകമ്മിറ്റികൾ നടത്തിയ പഠനത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിലാണ് നിയമം നടപ്പിലാക്കാനുള്ള സബ്റൂൾ വിജ്ഞാപനം ചെയ്തത്. 5-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഒരു കിലോമീറ്റർ പരിധിയിലും 8-ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് 3 കിലോമീറ്റർ പരിധിയിലും പഠിക്കാൻ ആവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിവിടെയുണ്ട്. ഏതെങ്കിലും പ്രദേശത്ത് ഇല്ലെങ്കിൽ അവിടെയുള്ള എൽ.പി. സ്കൂളുകളിൽ 5-ാം ക്ലാസ് ആരംഭിക്കുകയോ യു.പി സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുകയോ ചെയ്യണം. തീരദേശ - മലയോര പ്രദേശങ്ങളിൽ ആവശ്യമായിട്ടുള്ള പുതിയ സ്കൂളുകൾ ആരംഭിച്ചാൽ തന്നെ ലളിതമായി പരിഹരിക്കാവുന്ന പ്രശ്നമാണിത്. 8-ാം തരംവരെയുള്ള കുട്ടികളുടെ പഠനത്തിനുള്ള സൗകര്യം ഉറപ്പാക്കുക എന്നതല്ലാതെ ഒറ്റയടിക്ക് ഘടനാമാറ്റം നടത്തുന്നത് അത്യന്തം അപകടകരമാണ്. 9, 10 ക്ലാസുകൾ ഹയർസെക്കന്ററിയുടെ ഭാഗമാക്കിമാറ്റുമെന്ന് മന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. വൊക്കേഷണൽ ഹയർസെക്കന്ററി നിർത്തലാക്കുകയും ഹയർസെക്കന്ററിയിലെ വിഷയകോമ്പിനേഷനുകളുടെ എണ്ണം കുറയ്ക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിർത്തലാക്കി ഹയർസെക്കന്ററിയുടെ ഭാഗമാക്കുമെന്നും പറയുന്നു.

നമ്മുടെ പൊതുവിദ്യാലയങ്ങളുടെ ഘടനയിൽ വലയൊരു പൊളിച്ചെഴുത്ത് നടത്തേണ്ടിവരുന്ന പ്രഖ്യാപനങ്ങളാണിവ. 1-ാം ക്ലാസിലെ സ്കൂൾ പ്രവേശനത്തിനുള്ള പ്രായപരിധി 6 വയസാക്കി ഉയർത്തികഴിഞ്ഞു. ഇത്തരം പ്രഖ്യാപനങ്ങൾ ഏതെങ്കിലും തരത്തിലുള്ള ചർച്ചകളുടെയോ, വിദഗ്ദ്ധസമിതിയുടെയോ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ല എന്നതാണ് ഏറ്റവും ഗൗരവമുള്ള പ്രശ്നം മന്ത്രിക്ക് പെട്ടെന്ന് വെളിപാടുണ്ടായി നടത്തുന്ന ഏകപക്ഷീയമായ പ്രഖ്യാപനങ്ങളായി ഇവയെ കാണാൻ കഴിയില്ല. നൂറുകണക്കിന് സി.ബി.എസ്.ഇ സ്കൂളുകൾക്ക് ദൈനംദിനം എൻ.ഒ.സി കൊടുക്കുകയും കോർപ്പറേറ്റുകൾക്കുവരെ സ്കൂൾ വിദ്യാഭ്യാസം ഏറ്റെടുത്തു നടത്താൻ അവസരമൊരുക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ പൊതുഖജനാവിൽ നിന്നും കൂടുതൽ പണംമുടക്കാൻ

കഴിയില്ലെന്ന് അധികാരമേറ്റയുടൻ പ്രഖ്യാപിച്ച മന്ത്രിയുടെ നേതൃത്വത്തിലാണ് ഇത്തരം പരിഷ്ക്കാരങ്ങൾ നടക്കുന്നത്.

**ഒന്നാം ക്ലാസ് പ്രവേശനം**

ഡൽഹി, ആന്ധ്രാപ്രദേശ് തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും സ്കൂൾ പ്രവേശനത്തിനുള്ള പ്രായപരിധി 5 വയസാണ്. വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 5 വയസിൽ സ്കൂൾ പ്രവേശനം നിലനിൽക്കുന്ന ഒരു സംസ്ഥാനത്തും 6 വയസായി ഉയർത്തിയിട്ടില്ല. 6 വയസുള്ള മുഴുവൻ കുട്ടികളും രണ്ടാംക്ലാസിൽ പഠിക്കുന്ന കേരളത്തിൽ അവരെ മുഴുവൻ ഒന്നിൽ പ്രവേശിപ്പിക്കണം എന്നു തീരുമാനിക്കാൻ യു.ഡി.എഫ് സർക്കാരിനും നമ്മുടെ വിദ്യാഭ്യാസമന്ത്രിക്കും മാത്രമേ കഴിയൂ. മാത്രവുമല്ല 3 വയസുമുതൽ 5 വയസുവരെയുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസമാണ് കേരളത്തിൽ നിലനിൽക്കുന്നത്. 5 വയസുള്ള 4 ലക്ഷം കുട്ടികൾ സ്കൂൾ പ്രവേശനത്തിനൊരുങ്ങുമ്പോൾ നിങ്ങൾക്ക് അടുത്തവർഷമേ പ്രവേശനമുള്ളൂ, ഒരുവർഷം വീട്ടിലിരിക്കുക എന്നു പറഞ്ഞാൽ കേരളത്തിലെ ഏതെങ്കിലും രക്ഷിതാക്കൾക്ക് അംഗീകരിക്കാൻ കഴിയുമോ? ആറുമാസത്തെ വയസിളവുകൊണ്ട് ആർക്കെങ്കിലും പ്രയോജനമുണ്ടാകുമോ? ഫലത്തിൽ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഒരു കുട്ടിയും പ്രവേശിക്കേണ്ട എന്ന പ്രഖ്യാപനമല്ലേ ഇതിലൂടെ സർക്കാർ നടത്തിയിരിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ സ്കൂൾ പ്രവേശനമില്ല അതുകൊണ്ട് ഇനി സി.ബി.എസ്.ഇ വിദ്യാലയങ്ങൾ മതിയെന്ന് പ്രഖ്യാപിക്കാനാണോ സർക്കാർ ഉദ്ദേശിക്കുന്നത്. നാട്ടിലെമ്പാടും വ്യാപകമായിക്കൊണ്ടിരിക്കുന്ന അംഗീകാരമില്ലാത്ത സി.ബി.എസ്.ഇ വിദ്യാലയങ്ങളിൽ സമ്പന്നരുടെ കുട്ടികളെ അയക്കാനും പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ പരിധിക്ക് പുറത്താക്കാനുമല്ലേയിത് സഹായിക്കുകയുള്ളൂ. തീരുമാനം പിൻവലിക്കണമെന്ന് കേരളീയ സമൂഹം ഒറ്റക്കെട്ടായി ആവശ്യപ്പെടേണ്ടതുണ്ട്. '5 വയസിൽ സ്കൂളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ സ്കൂൾ പ്രവേശനം നിഷേധിക്കരുതെന്ന്' ഡൽഹി ഹൈക്കോടതി വിധി സർക്കാർ കണ്ണുതുറന്ന് കാണണം. പ്രീ-പ്രൈമറി വിദ്യാഭ്യാസം 4 വയസുമുതൽ 6 വയസുവരെയാക്കി മാറ്റുകയും എല്ലാ പൊതുവിദ്യാലയങ്ങളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസം തുടങ്ങുന്നതുവരെയും 5 വയസിൽതന്നെ സ്കൂൾ പ്രവേശനം നൽകാൻ സർക്കാർ തയ്യാറാകണം.

**ഘടനാപരമായ മാറ്റം**

5-ാം ക്ലാസുവരെയുള്ള എൽ.പി. സ്കൂളുകളും 6-8 വരെയുള്ള യു.പി സ്കൂളുകളുമായി വിദ്യാലയങ്ങളുടെ ഘടനയിൽ വരുന്ന വർഷം മുതൽ മാറ്റം വരുത്തുമെന്ന് തീരുമാനിച്ചിരിക്കുകയാണ്. 9, 10 ക്ലാസുകൾ ഹയർസെക്കന്ററിയുടെ ഭാഗമാക്കുമെന്നും ഹയർസെക്കന്ററിയിലെ 43 വിഷയങ്ങളുടെ കോമ്പിനേഷനുകൾ കുറയ്ക്കുമെന്നും പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലധിഷ്ഠിതകോഴ്സുകൾ വരുന്ന വർഷം മുതൽ നിർത്തലാക്കി ഹയർസെക്കന്ററിയുടെ ഓപ്ഷണാക്കിമാറ്റും എന്നാണ് മന്ത്രി പറയുന്നത്. ഈ മാറ്റങ്ങളെക്കുറിച്ചൊന്നും അറിയില്ലെന്നാണ് കെ.പി.സി.സി പ്രസിഡന്റിന്റെ പ്രതികരണം. നിയമസഭാസാമാജികനായ യൂത്ത് കോൺഗ്രസ് പ്രസിഡന്റും ഇതിനെ എതിർത്തിട്ടുണ്ട്. വേണ്ട ചർച്ചകളോ ആലോചനകളോ യു.ഡി.എഫിൽപോലും നടത്താതെയാണ് ഘടനാമാറ്റത്തെയും പരിഷ്ക്കാരങ്ങളെയുംകുറിച്ച് മന്ത്രി പ്രഖ്യാപിക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വ്യക്തമായ പഠനങ്ങളോ വിദഗ്ദ്ധസമിതികളുടെ

നിർദ്ദേശങ്ങളോ ഘടനാമാറ്റവുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. സെക്കന്ററിതലംവരെയുള്ള 11794 സ്കൂളുകളും 1873 ഹയർസെക്കന്ററി സ്കൂളുകളും 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും രണ്ടുലക്ഷത്തോളം അധ്യാപകരും അരക്കോടിയോളം വിദ്യാർത്ഥികളും പതിനായിരത്തോളം ജീവനക്കാരും ഉൾപ്പെടുന്ന നിലവിലുള്ള സംവിധാനത്തിനകത്ത് വരുന്ന ഏതൊരുമാറ്റവും കേരളീയ സമൂഹം ഗൗരവമായി കാണണം. ഇരുപതു ശതമാനത്തോളംവരുന്ന സമ്പന്നരായ മധ്യവർഗ്ഗത്തിന്റെ മനോഭാവത്തിൽനിന്ന് നോക്കികാണേണ്ട ഒന്നല്ല നമ്മുടെ പൊതുവിദ്യാഭ്യാസം. പൊതുവിദ്യാലയങ്ങൾ വിശേഷിച്ചും സർക്കാർ സ്കൂളുകൾ ഇവിടെയുണ്ടായതും ശക്തിപ്പെട്ടതും പൊതുസമൂഹത്തിന്റെ ഇടപെടലുകളിലൂടെയാണ്. ഇത്രയധികം പ്രാധാന്യമുള്ള നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ഘടനയിൽ വരുത്തേണ്ട മാറ്റം ഏകപക്ഷീയമായി നടത്താൻ തുനിയുന്നത് കടുത്ത അവിവേകമാണ്. ഇത്തരം നീക്കങ്ങൾക്കുപിന്നിൽ ആരായാലും അത് ജനാധിപത്യവിരുദ്ധവും പൊതുസമൂഹത്തിന്റെ വിദ്യാഭ്യാസ താൽപര്യങ്ങൾക്കെതിരുമാണ്. നിലവിലുള്ള സ്കൂൾ സംവിധാനത്തെ ഒറ്റയടിക്ക് മാറ്റിക്കളയാം എന്ന് ആഗ്രഹിക്കുന്നത് പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയെ സ്വപ്നം കാണുന്നവരാണ്. മുൻ ചീഫ് സെക്രട്ടറി സി.പി. നായർ നേതൃത്വം കൊടുത്ത കെ.ഇ.ആർ. പരിഷ്ക്കരണത്തിനുള്ള നിർദ്ദേശങ്ങളിലൂടെയും കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ലൂടെയും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. പരമാവധി പരിക്കുകൾ കുറച്ച് ഘടനാമാറ്റം നടപ്പിലാക്കാൻ ലിഡാകമ്മീഷൻ തന്നെ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളുണ്ട്. ഇതൊന്നും പരിഗണിക്കാതെ ആരുമായും കൂടിയാലോചിക്കാതെ പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പിനെതന്നെ അപകടത്തിലാക്കുന്ന പ്രഖ്യാപനങ്ങളുമായി വിദ്യാഭ്യാസമന്ത്രിയും വകുപ്പും മുന്നോട്ടുപോകുകയാണ്.

ഇത്തരംമാറ്റങ്ങൾ കുട്ടികളുടെ പഠനത്തെ എങ്ങിനെ ബാധിക്കുമെന്ന് ചിന്തിക്കാൻ സർക്കാർ തയ്യാറാകുന്നതേയില്ല. കേന്ദ്രഫണ്ട് വേണമെങ്കിൽ ഘടനാപരമായ മാറ്റം അനിവാര്യമാണ് എന്ന വാദം തെറ്റാണ്. ഇത്തരം മാറ്റത്തെക്കുറിച്ച് ആലോചിക്കാത്ത സംസ്ഥാനങ്ങളിൽ ഇതനെക്കാൾ ഫണ്ട് കിട്ടുന്നുണ്ട്. നിലവിലുള്ള സംവിധാനത്തെ തകർത്താലും ഫണ്ടുമതിയെന്ന ചിന്ത ആരോഗ്യകരമല്ല. 1 മുതൽ 4 വരെയും 5 വരെയുമുള്ള രണ്ടുതരം എൽ.പി സ്കൂളുകളും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയുമുള്ള രണ്ടുതരം യു.പി സ്കൂളുകളും 1 മുതൽ 10 വരെയും 5 മുതൽ 10 വരെയും 8 മുതൽ 10 വരെയുമുള്ള മൂന്നുതരം ഹൈസ്കൂളുകളും ഇവിടെയുണ്ട്. ഹൈസ്കൂളുകളുടെ ഭാഗമായിട്ടാണ് ഹയർസെക്കന്ററിയും വൊക്കേഷണൽ ഹയർസെക്കന്ററിയും പ്രവർത്തിക്കുന്നത്. വ്യത്യസ്ത സംവിധാനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ശക്തിപ്പെടുത്താൻ കെ.സി.എഫ് 2007 മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പരിശോധിക്കാൻ സർക്കാർ തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഒരു സ്ഥലത്ത് പ്രവർത്തിക്കുന്ന വ്യത്യസ്ത സംവിധാനങ്ങളെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏകോപിപ്പിക്കുന്നതിനുപകരം ചിലതൊക്കെ നിലനിർത്താനും ചിലതൊക്കെ കൂട്ടിചേർക്കാനും വീണ്ടും വെട്ടിമുറിക്കാനും ശ്രമിക്കുന്നത് പൊതുവിദ്യാഭ്യാസത്തോടുള്ള താൽപര്യത്തെയല്ല കാണിക്കുന്നത്. 12-ാം തരംവരെ വീട്ടിനടുത്തോ സ്വന്തം പഞ്ചായത്തിനടുത്തോ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന നിലവിലുള്ള സ്ഥാപനങ്ങളെ വിവിധ പ്രോജക്ടുകളുടെ ഭാഗമാക്കി ശിഥിലമാക്കാനേ ഘടനാമാറ്റത്തിന്റെ പേരിലുള്ള സർക്കാരിന്റെ ഇത്തരം നീക്കങ്ങൾ സഹായിക്കുകയുള്ളൂ. സർക്കാർ മാത്രമല്ല തദ്ദേശസ്വയംഭ

രണ സ്ഥാപനങ്ങളും സ്കൂളുകളുടെ ചുമതല വഹിക്കുന്നുണ്ട്. അധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണാധികാരികൾ എന്നിവരുമായി ചർച്ച നടത്തേണ്ടതുണ്ട്. നിലവിലുള്ള സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള ചർച്ചകളാണ് വേണ്ടത്. ആരുമായും ആലോചിക്കാതെയുള്ള മന്ത്രിയുടെ പ്രഖ്യാപനങ്ങൾ അവസാനിപ്പിക്കണം. അത്യന്തം ശ്രദ്ധയോടെയും അവധാനതയോടെയും നടത്തേണ്ടതാണ് ഇത്തരം മാറ്റങ്ങൾ എന്ന ധാരണ ഭരണാധികാരികൾക്കുണ്ടാവണം.

9, 10 ക്ലാസുകൾ ഹയർസെക്കന്ററിയുടെ ഭാഗമാക്കണമെന്നും, എസ്.എസ്.എൽ.സി പരീക്ഷ ഇന്നത്തേതുപോലെ നടത്തണമോ എന്നുമന്ത്രിതന്നെ ചോദിക്കുന്നതിൽ അനൗചിത്യമുണ്ട്. ഹയർസെക്കന്ററിയിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വേണമെന്ന് ആരാണ് നിശ്ചയിക്കേണ്ടത്? വൊക്കേഷണൽ ഹയർസെക്കന്ററിയിൽ നിലവിലുള്ള 42 കോഴ്സുകളിൽ മാറ്റം വേണ്ടെന്ന് ആരും പറയുമെന്ന് കരുതുന്നില്ല. കാലികമായ പരിഷ്ക്കാരങ്ങൾ അനിവാര്യമാണ്. ഒരു പരിഷ്ക്കാരമെന്നതിനുപകരം വൊക്കേഷണൽ ഹയർസെക്കന്ററി നിർത്തലാക്കി കോഴ്സുകൾ ഹയർസെക്കന്ററിയുടെ ഭാഗമാക്കണം എന്ന പ്രഖ്യാപനം പരിഹാരമാർഗ്ഗമല്ല. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ശരിയായ ധാരണയുടെ അഭാവമാണ് ഈ പ്രഖ്യാപനത്തിനുകാരണം, 9, 10 ക്ലാസ് മുതൽ തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങളും ഹയർസെക്കന്ററി സംവിധാനത്തിനകത്ത് മാറ്റങ്ങൾ വരുത്തി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് തുല്യപ്രാധാന്യം കൊടുക്കുന്ന രീതിയിൽ അടിസ്ഥാനപരമായ മാറ്റമാണാവശ്യം. ഈ രംഗത്തെ വിദഗ്ദ്ധരുൾപ്പെടുന്ന സമിതിയുടെ പഠനവും നിർദ്ദേശങ്ങളും അനിവാര്യമാണ്. കെ.സി.എഫ് 2007 ൽ ഇതുമായി ബന്ധപ്പെട്ടു പറഞ്ഞിട്ടുള്ള നിർദ്ദേശം പരിഗണിക്കാവുന്നതാണ്. 6600 അധ്യാപകരും 50000 ത്തിലധികം കുട്ടികളും 5000 ത്തിലധികം ജീവനക്കാരുമുള്ള ഒരു സംവിധാനം അടുത്ത വർഷം മുതൽ നിർത്തും എന്ന പ്രഖ്യാപനം നല്ല അർത്ഥത്തിലുള്ളതല്ല. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി നിലനിൽക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളെ പരിഷ്ക്കരിച്ച് ശക്തിപ്പെടുത്തും എന്ന പ്രഖ്യാപനമാണ് ജനങ്ങൾ മന്ത്രിയിൽ നിന്നും പ്രതീക്ഷിക്കുന്നത്.

നൂറ്റാണ്ടുകളുടെ പരിശ്രമങ്ങളിലൂടെ കേരളത്തിലെ ജനങ്ങൾ പടുത്തുയർത്തിയ പൊതുവിദ്യാഭ്യാസം തകരുന്നതിനിടയാക്കുന്ന ഒരു നടപടിയും അംഗീകരിക്കാൻ കഴിയില്ല. എസ്.സി.ഇ.ആർ.ടി, എസ്.എസ്.എ, ആർ.എം.എസ്.എ, സീമാറ്റ്, ഐ.ടി.@ സ്കൂൾ തുടങ്ങിയ അക്കാദമിക സമിതികളെയും കരിക്കുലം കമ്മിറ്റിയെതന്നെയും നോക്കുകുത്തിയാക്കി കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ മികവുകളെ അട്ടിമറിക്കാൻ സർക്കാർ ശ്രമിക്കുകയാണ്. ദേശീയ തലത്തിൽ ശ്രദ്ധയാകർഷിച്ച നമ്മുടെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധമാണ്. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന തരത്തിലുള്ള പ്രതിലോമകരമായ പരിഷ്ക്കാരങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരണം.